# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:957

05.02.2020-ലെ മറുപടി

## പള്ളിക്കൽ മടവൂർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. ജോയി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പള്ളിക്കൽ മടവൂർ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിതരണ ശൃഖലയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പള്ളിക്കൽ, മടവൂർ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലശുദ്ധീകരണശാലയും, കിണറും പമ്പ് ഹൗസും, പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലുൾപ്പെടെ ശുദ്ധജലം ലഭ്യമാക്കുവാനുള്ള ജലസംഭരണികളും, ജലവിതരണ ശൃംഖലയുൾപ്പെടെയുള്ള ഘടകങ്ങൾക്കുള്ള സർവ്വെ നടപടികൾ പി.പി.ഡി. വിഭാഗം പൂർത്തീകരിക്കുകയും, പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ജലശുദ്ധീകരണശാലയുടെയും, കിണർ, പമ്പ്ഹൗസിന്റെയും നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങൾ ഏറ്റെടുത്ത് ജല അതോറിറ്റിക്ക് കൈമാറ്റം ചെയ്തു കിട്ടേണ്ടതുണ്ട്. |
| (ബി) | വർക്കല മുനിസിപ്പാലിറ്റിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | ടി. പദ്ധതിയുടെ ഒന്നാം ഘട്ടമായി 28 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് വേണ്ടിയുള്ള സർവ്വേ നടപടികൾ പി.പി.ഡി. വിഭാഗം പൂർത്തീകരിക്കുകയും, അതനുസരിച്ച് 138 കോടി രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉപരിതല ജലസംഭരണികൾ നിർമ്മിക്കുന്നതിന് |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കുടവൂർ വില്ലേജിലെ സ്വാമിയാർകുന്നിൽ 20 സെന്റ് സ്ഥലവും, പലവക്കോട് 15 സെന്റ് സ്ഥലവും, നാവായിക്കുളം വില്ലേജിൽ മരുതിക്കുന്നിൽ 20 സെന്റ് സ്ഥലവും, കരവാരം വില്ലേജിലെ എതുക്കാടിനടുത്ത് കോട്ടമലയിൽ 40 സെന്റ് സ്ഥലവും, ചെറുന്നിയൂർ വില്ലേജിലെ കുന്നുംപുറത്ത് 25 സെന്റ് സ്ഥലവും, കിണറും, പമ്പ്ഹൗസും, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടവും നിർമ്മിക്കുന്നതിനായി നഗരൂർ വില്ലേജിലെ കോട്ടക്കലിൽ 25 സെന്റ് സ്ഥലവും, ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി രണ്ടേക്കർ സ്ഥലവും ഏറ്റെടുത്ത് ജല അതോറിറ്റിയ്ക്ക് കൈമാറ്റം ചെയ്തു കിട്ടേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**